ഉത്തരം

(എ ആന്റ് ബി) കൊല്ലം-ആയൂർ റോഡിന്റെ പണി ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിവരുന്ന രണ്ടാം വർഷ മെയിന്റനൻസിൽ ഉൾപ്പെടുത്തി. പുരോഗമിച്ചു വരുന്നു. സ്ഥലങ്ങൾ ഒഴിവാക്കിയിടാതെ കഴിവതും തുടർച്ചയായി റോഡിന്റെ നിർമ്മാണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊല്ലം-അയത്തിൽ ജംഗ്ഷനിൽ ഡിവൈഡർ സ്ഥാപിക്കാൻ നടപടി

72 [2962] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എൻ. എച്ച്. 47-ൽ മേവറം മുതൽ കല്ലുംതാഴം വരെയുള്ള ബൈപാസ് റോഡ് നിർമ്മാണം പൂർത്തിയായതോടുകൂടി അയത്തിൽ ജംഗ്ഷനിൽ ഉണ്ടായിട്ടുള്ള ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കുന്നതിലേക്ക് അയത്തിൽ ജംഗ്ഷനിൽ നാഷണൽ ഹൈവേ വിഭാഗം ഡിവൈഡർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

അയത്തിൽ ജംഗ്ഷനിൽ ഡിവൈഡർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

എരുമേലിയിൽ റിംഗ് റോഡ് നിർമ്മാണം

73 [2963] ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി പങ്കെടുത്ത പമ്പയിൽ വച്ചു നടന്ന യോഗത്തിൽ കോട്ടയം ജില്ലയിലെ എരുമേലിയിൽ റിംഗ് റോഡ് പണിയാൻ പി. ഡബ്ളിയു. ഡി.-യെ നേരിട്ട് ഏല്പിക്കണമെന്ന തീരുമാനമെടുത്തത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) അടിയന്തിരമായി ഈ റോഡിന്റെ പണി തുടങ്ങിയില്ലെങ്കിൽ മഴമൂലം ഇതുമായി ബന്ധപ്പെട്ട പാലങ്ങളുടേയും, കോസ് വേയുടെയും പണി ഈ വർഷം ചെയ്യാൻ സാധിക്കില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2005-ലെ ശബരിമല സീസണിൽ, അയ്യപ്പഭക്തന്മാർ പേട്ടതുള്ളുന്ന പാത വാഹനവിമുക്തമാക്കുമെന്ന മുഖ്യമന്ത്രിയുടെയും, മരാമത്ത് മന്ത്രിയുടെയും പ്രഖ്യാപനം പി. ഡബ്ളിയു. ഡി. നേരിട്ട് പണി ഏറ്റെടുത്താൽ മാത്രമേ പ്രവർത്തികമാക്കാൻ കഴിയൂ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റിംഗ് റോഡിന്റെ പണി 2005 നവംബർ ഒന്നിനു മുമ്പ് പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എരുമേലി റിംഗ് റോഡ് ഡിപ്പാർട്ടുമെന്റലായി നേരിട്ട് ചെയ്യുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി ആന്റ് ഡി) പണി ഡിപ്പാർട്ടുമെന്റലായി ചെയ്ത് അടുത്ത ശബരിമല സീസൺ ആരംഭിക്കുന്നതിന് മുമ്പ് റിംഗ് റോഡ് പൂർത്തിയാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ടിന്മേൽ നടപടി

74 [2964] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസത്തെ സംബന്ധിച്ച അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ട് എന്നാണ് സർക്കാരിന് സമർപ്പിച്ചത്;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 28-5-2004-ന്.

(ബി) റിപ്പോർട്ട് പരിശോധനയിലാണ്.

ഡി. പി. ഇ. പി. പാഠ്യപദ്ധതി പുനഃപരിശോധിക്കാൻ സമിതി

75 [2965] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡി. പി. ഇ. പി.-യുടെ പശ്ചാത്തലത്തിൽ നടപ്പിലാക്കിയിരുന്ന പാഠ്യ പദ്ധതി പുനഃപരിശോധിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയമിച്ചിരുന്നോ;

(ബി) എങ്കിൽ ഈ സമിതിയിൽ ആരൊക്കെ അംഗങ്ങളായിരുന്നു;

(സി) സമിതിയുടെ റിപ്പോർട്ടു ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly